കവർസ്റ്റോറി ●

ഫസൽ കാതിക്കോട്

# വിദ്യാഭ്യാസ അവകാശ നിയമം പ്രതീക്ഷകളും ആശങ്കകളും



**വിധിയുമായുള്ള** കൂടിക്കാഴ്ചയായും പുതിയ പ്രഭാതത്തിലേക്കുള്ള ചുവടുവെപ്പായും നെഹ്റു വിശേഷിപ്പിച്ച സ്വാതന്ത്ര്യ പുലരി കടന്നുപോയിട്ട് ആറരപ്പതിറ്റാണ്ടാവുന്നു. എന്നാൽ ഇന്ത്യയിലെ ഒരുകോടിയോളം വരുന്ന കുഞ്ഞുങ്ങൾക്ക് പ്രായം കഴിഞ്ഞിട്ടും സ്കൂളിന്റെ പടി ചവിട്ടാൻപോലും കഴിയാതെ ആ പുതിയ പ്രഭാതത്തിലേക്ക് ആദ്യചുവടുവെക്കാൻപോലും സാധിച്ചിട്ടില്ല. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ അയൽ രാജ്യങ്ങളും ലോകരാജ്യങ്ങളിലേറെയും ഈ വലിയ സ്വപ്നം ഒരു പരിധിവരെ സാക്ഷാത്കരിച്ചു കഴിഞ്ഞു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ത്യക്കു പിന്നിൽ 35 രാജ്യങ്ങൾ മാത്രമാണുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 45 അനുസരിച്ച് ഭരണഘടന നിലവിൽവന്ന് 10 വർഷത്തിനകം 1 മുതൽ 14 വയസുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം നൽകേണ്ടത് സർക്കാറിന്റെ കടമയാണ്. ഈ കാലയളവിനു ശേഷവും അഞ്ചരപ്പതിറ്റാണ്ടാവുന്നു. ഈ ഭരണഘടനാ ബാധ്യത നിറവേറ്റുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 2002ലെ 86-ാമത്തെ ഭരണഘടനാ ഭേദഗതി ഉണ്ടാക്കിയത്. 6-14 വയസ് പ്രായമുള്ള എല്ലാ കുട്ടി

കൾക്കും വിദ്യാഭ്യാസം നൽകുകയെന്നത് ഭരണകൂടത്തിന്റെ നിയമപ്രകാരമുള്ള ബാധ്യതയും പൗരന്റെ മൗലികാവകാശവുമായി മാറ്റുകയാണ് ഈ ഭേദഗതി ചെയ്തത്.

ഈ ബാധ്യത നിറവേറ്റുന്നതിനുവേണ്ടിയുള്ള നിയമമാണ് 2009 ആഗസ്റ്റ് 27ന് നിയമമാവുകയും 2010 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വരികയും ചെയ്ത വിദ്യാഭ്യാസ അവകാശ നിയമം 2009 (The right of children to free and compulsory education act 2009). ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും വിദ്യാഭ്യാസ മന്ത്രിമാരും വിദ്യാഭ്യാസ വിദഗ്ധരുമടങ്ങുന്ന ഉപദേശകസമിതി പലവട്ടം ചർച്ച ചെയ്യുകയും തുടർന്ന് രൂപവത്കരിച്ച സബ്കമ്മിറ്റി നിയമം എഴുതിത്തയാറാക്കുകയും ചെയ്തു.

6–14 പ്രായമുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക, വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ, വിവേചനങ്ങളില്ലാത്ത വിദ്യാഭ്യാസം, പിന്നാക്ക–പ്രാന്തവത്കൃത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിൽ തുല്യാവസരം, ഏതൊരു വിദ്യാർഥിക്കും പ്രയാസമില്ലാതെ എത്തിച്ചേരാൻ സാധിക്കും വിധം അയൽപക്കവിദ്യാലയം, വികലാംഗർക്ക് പ്രത്യേക പരിഗണന തുടങ്ങിയവയാണ് നിയമത്തിന്റെ ലക്ഷ്യങ്ങൾ. ഈ നിമയത്തിലൂടെ വിദ്യാഭ്യാസം സർക്കാറിന്റെ ബാധ്യതയും കുട്ടികളുടെ അവകാശവുമായി മാറിയിരിക്കുന്നു. വിദ്യാർഥികൾക്ക് തൊട്ടടുത്ത് സ്കൂൾ ലഭ്യമാക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ സംസ്ഥാന സർക്കാറുകളും പ്രാദേശിക ഭരണകൂടങ്ങളും ബാധ്യസ്ഥരാണ്.

## വിദ്യാഭ്യാസ അവകാശം ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ

6–14 പ്രായമുള്ള ഇന്ത്യയിലെ എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം തൊട്ടടുത്ത അയൽപക്ക സ്കൂളിൽ 8–ാം ക്ലാസ് പൂർത്തിയാവുന്നതുവരെ ലഭ്യമാക്കണം. ഇതിനുവേണ്ടി യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ല. നിയമത്തിലെ രണ്ടാം അധ്യായത്തിലെ മൂന്നാം ഖണ്ഡിക പറയുന്നു: പ്രൈവറ്റ്–അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ സ്വന്തം ഇഷ്ടപ്രകാരം ഫീസ് നൽകി പഠിക്കുന്ന വിദ്യാർഥിക്ക് സൗജന്യവിദ്യാഭ്യാസത്തിന് അർഹതയില്ല. അതിനായി അവകാശവാദം ഉന്നയിക്കാനും അനുവദിക്കില്ല. അയൽപക്കവിദ്യാലയം എന്നാൽ വിദ്യാർഥിക്ക് സൗകര്യപ്രദമായി വിദ്യാഭ്യാസം നിർവഹിക്കാനാവുന്ന അകലത്തിലുള്ള വിദ്യാലയം എന്നാണ് അർഥമാക്കുന്നത്. ഈ അകലം സംസ്ഥാന സർക്കാറും പ്രാദേശിക ഭരണകൂടങ്ങളും ചേർന്ന് നിശ്ചയിക്കേണ്ടതാണ്. പ്രദേശങ്ങളുടെ പരിതസ്ഥിതിക്കനുസരിച്ച് ഈ അകലം വ്യത്യസ്തമാകാവുന്നതാണ്. കേന്ദ്രസർക്കാർ പുറത്തിറക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ മാതൃകാ ചട്ടങ്ങൾ അനുസരിച്ച് എൽ.പി സ്കൂളുകൾ (1–5 ക്ലാസുകൾ) ഒരു കി.മീ പരിധിക്കുള്ളിലും യു.പി സ്കൂളുകൾ (6–8) 3 കി.മീ പരിധിക്കുള്ളിലും ഉണ്ടാവേണ്ടതാണ്. എന്നാൽ ചില സാഹചര്യങ്ങളിൽ ഇതിലും മാറ്റം വരാവുന്നതാണ്. ഉദാഹരണമായി ഒരു പ്രദേശത്ത് വളരെയധികം ജനസാന്ദ്രതയുണ്ടെങ്കിൽ അവിടെയുള്ള വിദ്യാർഥികൾക്ക് വേണ്ടി പരിധിയിൽ കുറവു വരുത്തേണ്ടതാണ്. കേരളത്തിലെ മിക്ക പ്രദേശങ്ങളിലും ഈ പരിധിക്കുള്ളിൽ സ്കൂളുകൾ ലഭ്യമാണ്. പാലക്കാട്, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളിലെ ആദിവാസി മേഖലകളിൽ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ബദൽ സംവിധാനങ്ങൾ ഉണ്ടാക്കേണ്ടിവരും. ഇവിടങ്ങളിൽ ട്രൈബൽ ഹോസ്റ്റൽ സംവിധാനങ്ങളുള്ള സ്കൂളുകൾ ആരംഭിക്കുന്നതാണുചിതം. ഇന്ത്യയുടെ മറ്റു പ്രദേശങ്ങളിൽ ഓരോ കുട്ടിക്കും അയൽപക്ക വിദ്യാലയം ഉറപ്പുവരുത്താൻ സർക്കാർ വൻതോതിലുള്ള ഫണ്ട് ചിലവാക്കേണ്ടിവരും. വിദ്യാഭ്യാസാവകാശം ഉറപ്പുവരുത്താനുള്ള ഇതര നിബന്ധനകൾ താഴെ പറയുന്നവയാണ്.

a. വികലാംഗർക്ക് വിദ്യാഭ്യാസത്തിന് അനുയോജ്യമായ സൗകര്യങ്ങൾ നൽകുക.

b. പ്രായപരിധികഴിഞ്ഞിട്ടും സ്കൂളിൽ ചേർക്കാനാവാത്തവർക്ക് അനുയോജ്യമായ ക്ലാസിൽ പ്രവേശനം നൽകുക. ഇങ്ങനെ പ്രവേശനം നൽകുമ്പോൾ പ്രത്യേക പരിശീലനം ആവശ്യമാണെങ്കിൽ നൽകുക. ഇത്തരം വിദ്യാർഥിക്ക് 14 വയസ് കഴിഞ്ഞാലും 8–ാം ക്ലാസ് പൂർത്തിയാവുന്നതുവരെ സൗജന്യ വിദ്യാഭ്യാസത്തിന് അർഹതയുണ്ടാവുന്നതാണ്.

c. ആവശ്യപ്പെടുന്ന ഏത് വിദ്യാർഥിക്കും ഇഷ്ടപ്പെടുന്ന വിദ്യാലയത്തിലേക്ക് കാരണമൊന്നും കാണിച്ചില്ലെങ്കിലും ട്രാൻസ്ഫർ നൽകേണ്ടതാണ്. ട്രാൻസ്ഫർ നൽകുന്നത് വൈകിപ്പിക്കാൻ പാടില്ല. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഇല്ലെന്ന കാരണത്താൽ പ്രവേശനം നൽകാതിരിക്കാനോ വൈകിപ്പിക്കാനോ പാടില്ല. ഇങ്ങനെ ചെയ്യുന്ന ഹെഡ്മാസ്റ്റർമാർ അച്ചടക്ക നടപടികൾ നേരിടേണ്ടിവരും.

## ഭരണകൂടങ്ങളുടെ ബാധ്യതകൾ

വിദ്യാഭ്യാസ അവകാശം എല്ലാവർക്കും ലഭ്യമാക്കുന്നതിന് കേന്ദ്ര സംസ്ഥാന, പ്രാദേശിക ഭരണകൂടങ്ങൾക്കുള്ള ബാധ്യതകളാണ് തുടർന്നു പറയുന്നത്.

**കേന്ദ്ര ഗവൺമെന്റ്**

a. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനാവശ്യമായ പാഠ്യപദ്ധതി തയാറാക്കുക.

b. അധ്യാപക പരിശീലനത്തിനുള്ള മാനദണ്ഡങ്ങൾ തയാറാക്കുക.

c. നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ചെലവ് കണക്കാക്കുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്യുക.

d. സാങ്കേതിക സഹായങ്ങൾ, നവീകരണത്തിനായുള്ള ഗവേഷണങ്ങൾ, നൂതനരീതികൾ തുടങ്ങിയവ ലഭ്യമാക്കുക. ഇവയെല്ലാം കേന്ദ്രസർക്കാറിന്റെ ചുമതലകളാണ്. ഏകദേശം 2 ലക്ഷം കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്.

**സംസ്ഥാന സർക്കാറുകൾ**

a. ആവശ്യമായ അയൽപക്ക വിദ്യാലയങ്ങൾ ലഭ്യമാക്കുക.

b. പ്രവേശനം, ഹാജർ, വിദ്യാഭ്യാസ നിലവാരം നിലനിർത്താനാവശ്യമായ ഇതര കാര്യങ്ങൾ നിരീക്ഷിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്യുക.

c. ആവശ്യമായ കെട്ടിടം, സ്റ്റാഫ്, പഠനോപകരണങ്ങൾ, മറ്റു സൗകര്യങ്ങൾ ലഭ്യമാക്കുക.

d. ദുർബല-പിന്നാക്ക, ശാരീരിക അവശതയുള്ള വിഭാഗങ്ങൾക്ക് യാതൊരു വേർതിരിവും നീതിനിഷേധവും ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തുക.

e. പാഠ്യപദ്ധതി, അധ്യാപക പരിശീലനം.

പ്രാദേശിക സർക്കാറുകൾക്കും തത്തുല്യമായ ഉത്തരവാദിത്വങ്ങളുണ്ട്. അയൽപക്ക സ്കൂളുകൾ ലഭ്യമാക്കുക, പഞ്ചായത്ത് പരിധിയിലെ 6-14 പ്രായമുള്ള കുട്ടികളുടെ ഡാറ്റ ലഭ്യമാക്കുക, ഇവരുടെ അഡ്മിഷൻ, ഹാജർ, പഠനപുരോഗതി ഇവ ഉറപ്പാക്കുക, ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, പാഠ്യപദ്ധതി, അധ്യാപക പരിശീലനം, സ്കൂൾ നടത്തിപ്പിന്റെ മേൽനോട്ടം, അക്കാദമിക് കലണ്ടർ ചർച്ച ചെയ്ത് നടപ്പിലാക്കൽ തുടങ്ങിയവയിലെല്ലാം തങ്ങളുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഉത്തരവാദിത്വങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കുണ്ട്.

കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വം രക്ഷിതാക്കൾക്കാണ്. ആവശ്യത്തിന് പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിച്ച് ഒന്നാം ക്ലാസ് പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കാൻ സംസ്ഥാന സർക്കാറിന് ബാധ്യതയുണ്ടെന്ന് ഈ അധ്യായത്തിലെ 11-ാം ആർട്ടിക്കിൾ പറയുന്നു.

## സ്കൂളുകളുടെ ഉത്തരവാദിത്വങ്ങൾ

സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന എല്ലാ വിദ്യാർഥികൾക്കും പൂർണമായും സൗജന്യ വിദ്യാഭ്യാസം നൽകണം. അൺ എയ്ഡഡ്-സ്വകാര്യ വിദ്യാലയങ്ങൾ ഒന്നാം ക്ലാസിൽ ആകെ പ്രവേശനം നൽകുന്നവരുടെ 25% പേർ അയൽപക്കത്തുള്ള ദരിദ്ര-പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ളവരായിരിക്കണം. ഇത്തരം സ്കൂളുകളിൽ പ്രീ-പ്രൈമറിയിൽ പ്രവേശനം നൽകുന്നതിനും ഇതേ മാനദണ്ഡം പാലിക്കണം. ഇത്തരം വിദ്യാർഥികളിൽനിന്ന് യാതൊരുവിധ ഫീസും ഈടാക്കാൻ പാടില്ല. ഇവർക്കുവേണ്ടി ചെലവാകുന്ന തുക സർക്കാർ നൽകുന്നതാണ്. സംസ്ഥാനത്തെ ഒരു വിദ്യാർഥിക്കുവേണ്ടി സർക്കാറിന് ചെലവാകുന്ന തുകയോ സ്കൂളിന് ചെലവാകുന്ന തുകയോ ഏതാണ് കുറവ് ആ തുകയായിരിക്കും നൽകുക. സർക്കാറിൽനിന്ന് ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങൾ ലഭിച്ച സ്കൂളിന് ഇത് ലഭ്യമാകില്ല. ഇന്ത്യയിലെ ഒരൊറ്റ കുട്ടിക്കും വിദ്യാഭ്യാസം ലഭിക്കാതെ പോവരുത് എന്ന ഉദ്ദേശത്തോടെ ഉണ്ടാക്കിയ വ്യവസ്ഥകൂടിയാണിത്. ആവശ്യത്തിന് വിദ്യാലയങ്ങളില്ലാത്ത പ്രദേശങ്ങളിൽ വമ്പിച്ച ഗുണം ചെയ്യുന്ന വ്യവസ്ഥയാണിത്. എന്നാൽ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളും സ്വകാര്യ വിദ്യാലയങ്ങളും തമ്മിൽ മത്സരിക്കുന്ന കേരളത്തിൽ ഈ വ്യവസ്ഥ നടപ്പിലാക്കിയാൽ അത് പൂർണമായ സ്വകാര്യവത്കരണത്തിലാണ് കലാശിക്കുക എന്ന ആശങ്ക ഇവിടെ നിലനിൽക്കുന്നുണ്ട്.

കേരളത്തെ ഗുരുതരമായി ബാധിക്കുന്ന ഈയൊരു പ്രശ്നം ഒഴിച്ചുനിർത്തിയാൽ സ്വകാര്യ വിദ്യാലയങ്ങളുടെ നിയന്ത്രണമില്ലാത്ത പോക്കിന് കടിഞ്ഞാണിടുന്ന ഒട്ടേറെ വ്യവസ്ഥകൾ നിയമത്തിലുണ്ട്. സ്കൂൾ പ്രവേശനത്തിന് യാതൊരുവിധ ഡൊണേഷനും കാപിറ്റേഷൻ ഫീസും വാങ്ങാൻ

പാടില്ല. പ്രവേശനത്തിന് ടെസ്റ്റുകളോ സ്ക്രീനിംഗോ നടത്താൻപാടില്ല. കോഴ വാങ്ങിയാൽ വാങ്ങിയ തുകയുടെ പത്തിരട്ടി വരെ പിഴ ഈടാക്കും. ടെസ്റ്റ് നടത്തിയാൽ ഒന്നാം തവണ 25000 രൂപയും അടുത്ത തവണ മുതൽ 50000 രൂപ വരെയും പിഴ ഈടാക്കും.

വയസു തെളിയിക്കുന്നതിന് സർക്കാർ ഏജൻസികൾ നൽകുന്ന രേഖകൾ സ്വീകരിക്കാം. എന്നാൽ രേഖകൾ ഹാജരാക്കിയില്ല എന്നതിന്റെ പേരിൽ ഒരു കുട്ടിയുടെയും പ്രവേശനം നിഷേധിക്കാൻ പാടില്ല. യാതൊരുകാരണവശാലും ഒരു കുട്ടിയെ സ്കൂളിൽനിന്ന് പുറത്താക്കാൻ പാടില്ല. ശിക്ഷകൾ നൽകാനും പാടില്ല.

നിയമം നിലവിൽവന്ന് 3 വർഷത്തിനുള്ളിൽ അംഗീകാരമില്ലാത്ത എല്ലാ വിദ്യാലയങ്ങളും അംഗീകാരം നേടിയിരിക്കണം. അംഗീകാരത്തിനായി സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പൂർത്തിയാക്കുന്ന എല്ലാ വിദ്യാലയങ്ങൾക്കും അംഗീകാരം നൽകും. ഇതിനായി അപേക്ഷ സമർപ്പിക്കുകയും മാനദണ്ഡങ്ങൾ പൂർത്തിയാക്കുകയും വേണം. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് ആദ്യവർഷം ഒരുലക്ഷം രൂപ പിഴ ഈടാക്കും. തുടർന്ന് പ്രവർത്തിക്കുന്ന ഓരോ ദിവസത്തിനും പതിനായിരം രൂപവീതമായിരിക്കും പിഴ.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അൺഎയ്ഡഡ് ഒഴികെയുള്ള എല്ലാ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ (SMC) ഉണ്ടാക്കണം. കമ്മിറ്റി അംഗങ്ങളിൽ നാലിൽ മൂന്ന് ഭാഗവും രക്ഷിതാക്കളായിരിക്കണം. കൂടാതെ അധ്യാപകർ, പ്രാദേശിക ജനപ്രതിനിധികൾ, ദുർബല-പിന്നാക്ക വിഭാഗങ്ങളുടെ പ്രതിനിധികൾ, പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ (അംഗവൈകല്യം സംഭവിച്ചവരുടെ) രക്ഷിതാക്കളുടെ പ്രതിനിധികൾ തുടങ്ങിയവർ ഉണ്ടായിരിക്കണം. 50% പേർ സ്ത്രീകളായിരിക്കണം.

സ്കൂൾ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുക, സ്കൂൾ വികസന രൂപരേഖ തയാറാക്കുക, ഫണ്ടുകൾ വിനിയോഗിക്കുന്നതിന് മേൽനോട്ടം വഹിക്കുക, നിർദേശിക്കപ്പെടുന്ന മറ്റു ജോലികൾ ചെയ്യുക തുടങ്ങിയവയാണ് SMC കളുടെ ചുമതലകൾ.

സർക്കാർ നിശ്ചയിച്ച യോഗ്യതയുള്ളവരെ മാത്രമാണ് അധ്യാപകരായി നിയമിക്കേണ്ടത്. നിലവിൽ യോഗ്യതയില്ലെങ്കിൽ അത് നേടാൻ 5 വർഷം അനുവദിക്കും. നിശ്ചിത സിലബസ് പൂർത്തിയാക്കുക, കൃത്യമായി സമയനിഷ്ഠയോടെ ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കുക, മൂല്യനിർണയം നടത്തുക, രക്ഷിതാക്കളുമായി ആലോചിച്ച് ഓരോ വിദ്യാർഥിയുടെയും പഠനപുരോഗതിക്കാവശ്യമായതെല്ലാം ചെയ്യുക തുടങ്ങിയവ അധ്യാപകരുടെ ഉത്തരവാദിത്വങ്ങളാണ്. ഒരു സ്കൂളിലും 10%ത്തിലേറെ തസ്തികകൾ ഒഴിഞ്ഞു കിടക്കാൻ പാടില്ല. അധ്യാപകരെ സെൻസസ്, ഇലക്ഷൻ, അടിയന്തര റിലീഫ് പ്രവർത്തനങ്ങൾ ഇവ ഒഴികെയുള്ള മറ്റു അധ്യാപനേതര ജോലികൾക്കും നിയോഗിക്കാൻ പാടില്ല. അധ്യാപകർ സ്വകാര്യ ട്യൂഷനെടുക്കുന്നതും വിലക്കുന്നു.

**പാഠ്യപദ്ധതി മാനദണ്ഡങ്ങൾ**

പാഠ്യപദ്ധതിയെക്കുറിച്ചാണ് നിയമം തുടർന്നു പറയുന്നത്. പാഠ്യപദ്ധതി രൂപവത്കരണത്തിനായി സംസ്ഥാന സർക്കാർ ഒരു അക്കാദമിക് അതോറിറ്റി ഉണ്ടാക്കണം. പാഠ്യപദ്ധതി ഭരണഘടനാമൂല്യങ്ങൾക്കനുസൃതമായിരിക്കുക, വിദ്യാർഥിയുടെ സർവതോമുഖമായ വികാസം സാധ്യമാക്കുക, അറിവും കഴിവും വർധിപ്പിക്കാനുതകുന്നതായിരിക്കുക. കായിക-മാനസിക വികാസം, പരമാവധി മാതൃഭാഷയിൽ തന്നെ വിദ്യാഭ്യാസം, വിദ്യാർഥിക്ക് സ്വതന്ത്രമായി അഭിപ്രായ പ്രകടനം നടത്താൻ കഴിയുക, ഭയം, ഉത്കണ്ഠ തുടങ്ങിയവയിൽനിന്ന് മോചനം നൽകുന്നതായിരിക്കുക തുടങ്ങിയ കാര്യങ്ങളും പരിഗണിച്ചുകൊണ്ടായിരിക്കണം പ്രസ്തുത അതോറിറ്റി രൂപവത്കരിക്കേണ്ടത്. 8-ാം ക്ലാസ് വരെ വിദ്യാർഥിയെ യാതൊരു പൊതു പരീക്ഷക്കും വിധേയനാക്കരുത്. 8-ാം ക്ലാസ് പൂർത്തിയാക്കുന്നവർക്ക് പ്രത്യേക സർട്ടിഫിക്കറ്റ് നൽകണം.

നിയമത്തിലെ മറ്റൊരു സുപ്രധാന വ്യവസ്ഥയാണ് കുട്ടികളുടെ അവകാശങ്ങൾക്കായുള്ള ദേശീയ കമ്മീഷനുകളുടെ രൂപവത്കരണം. ഏതെങ്കിലും വിദ്യാർഥിക്ക് വിദ്യാഭ്യാസാവകാശം നിഷേധിക്കപ്പെട്ടാൽ അത് നിരീക്ഷിക്കാനും നടപടിയെടുക്കാനുമുള്ള അധികാരം കമ്മീഷനുണ്ടായിരിക്കും. വിദ്യാഭ്യാസം ലഭിക്കാത്ത ഒരൊറ്റ കുട്ടിയുമുണ്ടാവരുതെന്ന് കമ്മീഷൻ ഉറപ്പുവരുത്തണം. ഇതുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിച്ച് പരിഹാരം കാണണം. സംസ്ഥാന തലത്തിലും കമ്മീഷൻ രൂപവത്കരിക്കേണ്ടതാണ്.

ഓരോ സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന സാഹചര്യങ്ങൾക്കനുസൃതമായി നിയമം നടപ്പാക്കാനാവശ്യമായ ചട്ടങ്ങൾ അതത് സംസ്ഥാന സർക്കാറുകൾ തയാറാക്കണം. അയൽപക്ക വിദ്യാലയത്തിന്റെ പരിധി, വിവിധയിനം രേഖകൾ, ഫണ്ടുകൾ വിതരണം ചെയ്യലും ഉപയോഗിക്കലും, പ്രായ പരിധി, അഡ്മിഷൻ, സ്വകാര്യ സ്കൂളുകളുടെ അംഗീകാരം, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, അധ്യാപകരുടെ ജോലി, ശമ്പളം, പരാതിപരിഹാരം, സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം സംസ്ഥാന സർക്കാറിന് ചട്ടങ്ങൾ നിർമിക്കാവുന്നതാണ്.

**മാറ്റങ്ങളും പ്രശ്നങ്ങളും**

അൽപം പേറ്റുനോവനുഭവിക്കാതെ മാറ്റങ്ങൾ സാധ്യമല്ല. നിയമത്തിലെ വിവിധ വ്യവസ്ഥകൾ നടപ്പിലാക്കപ്പെടുമ്പോൾ നഷ്ടങ്ങളും നേട്ടങ്ങളും വിവിധ വിഭാഗങ്ങൾ അനുഭവിക്കേണ്ടിവരും.

പുതിയ നിയമമനുസരിച്ച് എൽ.പി സ്കൂളുകൾ എന്നാൽ 1–5 ക്ലാസുകളും യു.പി 6–8 ക്ലാസുകളുമാണ്. നിലവിലുള്ള യു.പികളിൽ നിന്ന് 5–ാം ക്ലാസ് എൽ.പികളിലേക്കും ഹൈസ്കൂളുകളിൽനിന്ന് 8–ാം ക്ലാസ് യു.പികളിലേക്കും മാറ്റേണ്ടതുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിലെ അധ്യാപകർക്ക് കേരളത്തിൽ ഈ മാറ്റം വലിയൊരു തലവേദനയായിരിക്കും. 8–ാം ക്ലാസ് എടുത്തു മാറ്റുമ്പോൾ ഹൈസ്കൂളുകളിൽ മൂന്നിൽ ഒരു ഭാഗം അധ്യാപകർ അധികമായിരിക്കും. ഇവർ യു.പികളിൽ ജോലി ചെയ്യാൻ തയാറാവില്ല. യു.പി വരെയുള്ള സ്കൂളുകളിൽ അതേ സമയം കൂടുതൽ അധ്യാപകർ ആവശ്യമായി വരും. ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകൾ രൂപപ്പെടുത്താനായി സർക്കാർ പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉപസമിതിയെ നിശ്ചയിച്ചിരുന്നു. ഈ ഉപസമിതി നിർദേശങ്ങൾ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ഹൈസ്കൂളുകളിൽനിന്ന് നിർബന്ധപൂർവം പുനർവിന്യാസം നടത്തേണ്ടതില്ലെന്നാണ് ഉപസമിതി തീരുമാനം. ഏതെങ്കിലും ഹൈസ്കൂൾ അധ്യാപകർ യു.പിയിൽ പഠിപ്പിക്കാൻ സന്നദ്ധരാവുകയാണെങ്കിൽ അവരുടെ സേവന–വേതന വ്യവസ്ഥകൾ അതേപോലെ നിലനിർത്തി അതിനവസരം നൽകും.

ഇതേ നിയമത്തിൽതന്നെ അധ്യാപക വിദ്യാർഥി അനുപാതവും നിശ്ചയിച്ചിട്ടുണ്ട്. എൽ.പിയിൽ അധ്യാപക വിദ്യാർഥി അനുപാതം കുട്ടികളുടെ എണ്ണം 200ൽ താഴെയാണെങ്കിൽ 1:30 ആണ്. 60 വിദ്യാർഥികൾ ഉണ്ടെങ്കിൽ 2 അധ്യാപകർ, 120 വരെ 4, 200 വരെ 5 എന്നിങ്ങനെയാണ് അധ്യാപകർ ഉണ്ടായിരിക്കേണ്ടത്. 150ലേറെ കുട്ടികൾ ഉണ്ടെങ്കിൽ സ്വതന്ത്ര ചുമതലയുള്ള ഹെഡ്മാസ്റ്റർ ഉണ്ടാവും. യു.പിയിൽ 1:35 ആണ് അനുപാതം. സയൻസ് + കണക്ക്, സാമൂഹ്യശാസ്ത്രം, ഭാഷ ഇവക്ക് അധ്യാപകർ നിർബന്ധമാണ്. വിദ്യാർഥികൾ നൂറിലേറെയുണ്ടെങ്കിൽ പൂർണ സമയ ഹെഡ്മാസ്റ്റർ, പാർട്ട് ടൈം കലാധ്യാപകൻ, ഹെൽത്ത് + കായികാധ്യാപകൻ, പ്രവൃത്തി പരിചയാധ്യാപകൻ എന്നിവരുമുണ്ടായിരിക്കണം.

ഈ വ്യവസ്ഥകൾ കേരളം എത്രയോ നേരത്തെ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. നിലവിൽ മൊത്തം അധ്യാപകരുടെയും വിദ്യാർഥികളുടെയും എണ്ണമനുസരിച്ച് കേരളത്തിലെ യഥാർഥ അനുപാതം 1:25 ആണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അമ്പതിൽ താഴെ വിദ്യാർഥികൾ പഠിക്കുന്ന എൽ.പി സ്കൂളുകളിൽ പോലും ഇവിടെ 5 അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. ഈ വ്യവസ്ഥ അതേപടി പാലിച്ചാൽ അനേകം അധ്യാപകർ പുറത്താവും. ഒരു ക്ലാസിന് ഒരധ്യാപകൻ എന്നതാണ് കേരളത്തിൽ നിലവിലുള്ള വ്യവസ്ഥ. ആകെ കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് പുതിയ നിയമത്തിൽ അധ്യാപകരെ നിയമിക്കാനാവശ്യപ്പെടുന്നത്. കുട്ടികൾ കുറഞ്ഞ വിദ്യാലയങ്ങളിൽ ബഹുനിലവാര (Multi grade) ക്ലാസ് റൂമുകളാണ് കേന്ദ്രം വിഭാവനം ചെയ്യുന്നത്. ഇരിക്കുന്നത് ഓരോ ക്ലാസിലാണെങ്കിലും പഠിക്കുന്നത് പല ക്ലാസുകളിലെ വിഷയങ്ങളായിരിക്കും. ഒരധ്യാപകൻ തന്നെ ഒരു വിഷയം ഒരുസമയം പല ക്ലാസുകളിലെയും വിദ്യാർഥികളെ പഠിപ്പിക്കും. ഈ വ്യവസ്ഥ സ്വീകരിച്ചാൽ സംസ്കൃതം, അറബി, ഉറുദു തുടങ്ങിയ ഭാഷാധ്യാപകർക്ക് കുട്ടികളുടെ എണ്ണം കൂടുതലുള്ള ഏതാനും സ്കൂളുകളിൽ മാത്രമേ സ്ഥാനമുണ്ടാവൂ. ഈ വ്യവസ്ഥകൾ സ്വീകരിക്കേണ്ടതില്ലെന്നും നിലവിലുള്ള അവസ്ഥ തുടർന്നാൽ മതിയെന്നുമാണ് ഉപസമിതി തീരുമാനിച്ചിരിക്കുന്നത്.

ഒന്നുമുതൽ 5 വരെ ക്ലാസുകളിൽ 800 പഠന മണിക്കൂറുകളും 200 പ്രവൃത്തി ദിവസങ്ങളും ഉണ്ടാവണം. യു.പിയിൽ 1000 പഠന മണിക്കൂറുകളും 220 പ്രവൃത്തി ദിവസങ്ങളും ഉണ്ടാവണം. ഇതനുസരിച്ച് ശനിയാഴ്ചകളിലും അധ്യയനം നടക്കേണ്ടിവരും.

നിയമത്തിലെ വിവിധ വ്യവസ്ഥകളുടെ കാര്യത്തിൽ കേരളം നിലവിൽ പിന്തുടരുന്ന രീതി

തന്നെ തുടരുകയെന്നതാണ് ഉപസമിതി തീരുമാനം. നിയമപ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് അടുത്ത ജൂൺ മുതൽ തന്നെ ഈ മാറ്റങ്ങൾ പ്രാബല്യത്തിൽ വരുത്തേണ്ടി വരും. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (SMC)കളുടെ കാര്യത്തിൽ സ്വകാര്യ–ന്യൂനപക്ഷ മാനേജുമെന്റുകൾ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നു. പ്രദേശത്തെ രാഷ്ട്രീയക്കാർ നിയന്ത്രണം ഏറ്റെടുക്കുമെന്നും അതിനാൽ SMCകളുടെ അധികാരം പരിമിതപ്പെടുത്തണമെന്നും വിവിധ വിഭാഗങ്ങൾ ആവശ്യമുന്നയിച്ചിരുന്നു. NSS നേതൃത്വം ഈ ആവശ്യമുന്നയിച്ചുകൊണ്ട് സോണിയാഗാന്ധിയെ കാണുകയും SMCകളെ ഉപദേശക സമിതികളാക്കാമെന്ന തീരുമാനം നേടിയെടുക്കുകയും ചെയ്തിരുന്നു. സ്കൂൾ നിയന്ത്രണത്തിനായി കേരളത്തിൽ ഇപ്പോൾതന്നെ PTA, MPTA, SSG തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ട്. അതിനാൽ പുതിയ SMCകളുടെ അധികാരം പരിമിതപ്പെടുത്തണമെന്നു തന്നെയാണ് ഉപസമിതിയും നിർദേശിച്ചത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടലുകൾക്കും നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും ഉപസമിതി നിർദേശിച്ചിട്ടുണ്ട്.

### സമ്പൂർണ സ്വകാര്യവത്കരണത്തിന്റെ ചതുക്കുഴി

നിയമം നടപ്പിലാക്കുന്നതിലെ ചട്ടങ്ങൾ രൂപവത്കരിക്കുമ്പോൾ അത്യന്തം ജാഗ്രത പാലിച്ചില്ലെങ്കിൽ വിദ്യാഭ്യാസ രംഗത്തെ സമ്പൂർണമായും സ്വകാര്യവത്കരിക്കുന്നതിന് വഴിയൊരുക്കുന്ന ചില ചതിക്കുഴികൾ നിയമത്തിലുണ്ട്. അൺ എയ്ഡഡ്–സ്വകാര്യ വിദ്യാലയങ്ങളെയും അയൽപക്ക വിദ്യാലയങ്ങളായി പരിഗണിക്കുകയും അവയിൽ പഠിക്കുന്ന പിന്നാക്ക– ദരിദ്രവിഭാഗങ്ങളിലെ 25%ത്തിന് സർക്കാർ ഫീസ് നൽകുകയും ചെയ്യണമെന്ന് നിയമം പറയുന്നു. അയൽപക്കത്തിന്റെ പരിധി നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന സർക്കാറിനാണ്. അയൽപക്ക വിദ്യാലയങ്ങൾ നിർണയിക്കുമ്പോൾ ആദ്യം സർക്കാർ സ്കൂളുകൾ തുടർന്ന് എയ്ഡഡ്, പ്രത്യേക കാറ്റഗറി വിദ്യാലയങ്ങൾ (സൈനിക് സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയവ) അവസാനം പ്രൈവറ്റ് അൺ എയ്ഡഡ് വിദ്യാലയങ്ങൾ എന്നിങ്ങനെയാണ് പരിഗണിക്കുക. കേരളത്തിലെ നിലവിലുള്ള അവസ്ഥയനുസരിച്ച് സർക്കാർ–എയ്ഡഡ് വിദ്യാലയങ്ങളിൽ ഒട്ടേറെയെണ്ണം ആവശ്യത്തിന് വിദ്യാർഥികളില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ യാതൊരു മാനദണ്ഡവുമില്ലാതെ പ്രൈവറ്റ്–അൺ എയ്ഡഡ് വിദ്യാലയങ്ങളെ അയൽപക്ക വിദ്യാലയങ്ങളായി പരിഗണിച്ചാൽ അത് പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കും. സ്വകാര്യ വിദ്യാലയങ്ങളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നൽകുന്ന വിദ്യാർഥികളുടെ 25% സമീപത്തുള്ള പിന്നാക്ക–ദരിദ്ര വിഭാഗമായിരിക്കണം എന്നതാണ് വ്യവസ്ഥ. കേരളത്തിന്റെ മനോഭാവമനുസരിച്ച് വിദ്യാർഥികൾ കൂട്ടമായി പ്രൈവറ്റ് സ്ഥാപനങ്ങളിലേക്ക് ഒഴുകും. ഇത് സർക്കാർ–എയ്ഡഡ് മേഖലയെ ഇല്ലാതാക്കും.

പൊതുവിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ പിൻവാങ്ങണമെന്ന നവലിബറൽ നയങ്ങളുടെ ഭാഗമായി നേരത്തേതന്നെ DPEP, SSA പദ്ധതികളിലൂടെ കടന്നുവന്ന നിർദേശങ്ങളുടെ തുടർച്ചയാണ് ഈ നിബന്ധനയും. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കേരളാ സാഹചര്യമനുസരിച്ചുള്ള മാറ്റങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നതിന് രൂപവത്കരിച്ച ഉപസമിതി ഇതുസംബന്ധിച്ച് നിർദേശങ്ങൾ സമർപ്പിച്ചിരുന്നു. ഒരു അൺഎയ്ഡഡ് വിദ്യാലയത്തെ അയൽപക്ക വിദ്യാലയമായി പരിഗണിക്കണമെങ്കിൽ അതിന്റെ ഒരു കി.മീ പരിധിയിൽ സർക്കാർ–എയ്ഡഡ് എൽ.പിയും 3 കി.മീ പരിധിയിൽ യു.പി സ്കൂളുകളും ഉണ്ടാവരുത് എന്നാണ് ഉപസമിതി നിർദേശിച്ചത്. ഈ പരിധി പാലിച്ചാൽ അയൽപക്ക സ്കൂളുകളായി അധികം അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഉണ്ടാവാനിടയില്ല.

എന്നാൽ ഈ വിഷയത്തിൽ സർക്കാർ വിളിച്ചു ചേർത്ത സർവകക്ഷി യോഗത്തിൽ ഇടതുപക്ഷത്തിലെ പ്രമുഖ കക്ഷികളും വിദ്യാഭ്യാസമന്ത്രി എം.എ ബേബി ഉൾപ്പെടെയുള്ളവരും ഇത്തരമൊരു പരിധി ആവശ്യമില്ലെന്ന UDFന്റെയും സ്വകാര്യ മാനേജ്മെന്റുകളുടെയും ആവശ്യത്തിനൊപ്പമാണ് നിലകൊണ്ടത്. ഇതനുസരിച്ച് പൊതു–സ്വകാര്യ ഭേദമന്യെ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളെയും അയൽപക്ക വിദ്യാലയങ്ങളായി പരിഗണിക്കേണ്ടിവരും. സമ്പൂർണ സ്വകാര്യവത്കരണത്തിനാണ് ഇത് വഴിയൊരുക്കുക.

കേരളത്തിലെ പാവപ്പെട്ടവർക്ക് വേണ്ടി ഈ വ്യവസ്ഥ ഉപയോഗപ്പെടുത്തണമെന്നാണ് വിദ്യാഭ്യാസ മന്ത്രി എം.എ ബേബി ആവശ്യപ്പെട്ടത്. സർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചു പൂട്ടപ്പെട്ടാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയ–സ്വകാര്യ കോളേജുകൾക്ക് തുല്യമായ വിലപേശൽ ശക്തികളായി സ്വകാര്യ വിദ്യാലയങ്ങൾ വളരും. സർക്കാർ വിദ്യാലയങ്ങൾ നാമമാത്രമാവുന്ന

അവസ്ഥയിൽ സ്വകാര്യ വിദ്യാലയങ്ങളുടെ ഫീസ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് സർക്കാർ വഴങ്ങിക്കൊടുക്കേണ്ടിയും വരും. ഇപ്പോൾത്തന്നെ സ്വകാര്യ വിദ്യാലയങ്ങളെ അയൽപക്ക വിദ്യാലയങ്ങളായി പരിഗണിച്ചാൽ 25% വിദ്യാർഥികൾക്ക് സർക്കാർ നൽകുന്ന ഫീസ് നിശ്ചയിക്കാൻ പ്രത്യേക കമ്മിറ്റിയെ നിശ്ചയിക്കണമെന്ന് സ്വകാര്യ മാനേജ്മെന്റുകൾ ആവശ്യമുന്നയിച്ചു കഴിഞ്ഞു. ഒരു വിദ്യാർഥിക്ക് വേണ്ടി സർക്കാർ ചിലവാക്കുന്ന തുകയോ, സ്വകാര്യ സ്കൂളിന് ചെലവാകുന്ന തുകയോ ഏതാണ് കുറവ് അതാണ് സർക്കാർ നൽകുക. സ്വകാര്യ വിദ്യാലയങ്ങളിൽ പല പേരുകളിൽ വിവിധയിനം ഫീസ് പിരിക്കുന്നുണ്ട്. അതിനാൽ ഭാവിയിൽ പാവപ്പെട്ടവർക്ക് അനുകൂലമാവുകയല്ല, വിദ്യാഭ്യാസം പ്രയാസമേറിയതാവുകയെന്നതാണ് സംഭവിക്കാൻ പോവുന്നത്.

വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവെച്ച അയൽപക്ക വിദ്യാലയം എന്ന ആശയം നേരത്തെ തന്നെ നേടിക്കഴിഞ്ഞ കേരളത്തിൽ നിലവിലുള്ള പൊതു വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്ന സമീപനമാണ് ആവശ്യം.

## കേരളത്തിന്റെ മുൻഗണനകൾ

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ലക്ഷ്യങ്ങൾ കേരളം നേരത്തെ കരസ്ഥമാക്കിയിരിക്കുന്നു. 8–ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസമാണ് വിദ്യാഭ്യാസ അവകാശ നിയമം ഉറപ്പാക്കുന്നത്. കേരളത്തിൽ ഒരു വിദ്യാർഥി 12–ാം ക്ലാസ് വിദ്യാഭ്യാസമെങ്കിലും നേടണമെന്നാണ് ഉറപ്പുവരുത്തേണ്ടത്. ഇതിന് നിയമത്തിൽ മാറ്റം വരുത്തുക സാധ്യമല്ല. നിയമം വഴി ലഭിക്കുന്ന ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഇത് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേരളത്തിന് സാധിക്കും.

SSAയുടെ മാതൃകയിൽ 9–12 ക്ലാസുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) അടുത്തവർഷം മുതൽ പ്രാബല്യത്തിൽ വരും. ഇതിന്റെ ഭാഗമായി ലഭിക്കുന്ന ഫണ്ടുകളും ഇതര സൗകര്യങ്ങളും ഈ ലക്ഷ്യം നേടുന്നതിന് സഹായകമായിരിക്കും.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയെന്നതും കേരളത്തിന്റെ മുൻഗണനകളിൽ സുപ്രധാനമാണ്. സർക്കാർ–എയ്ഡഡ് വിദ്യാലയങ്ങളിൽ മികച്ച കെട്ടിടങ്ങളും സൗകര്യങ്ങളും ഉറപ്പാക്കാൻ സാധിക്കണം. അധ്യാപകർക്ക് മികച്ച പരിശീലനം ലഭ്യമാക്കണം. പ്രവൃത്തി ദിനങ്ങളും സമയവും കർശനമായി പാലിക്കപ്പെടണം. ഓരോ വിദ്യാർഥിക്കും വ്യക്തിപരമായ ശ്രദ്ധ ഉറപ്പുവരുത്തണം.

അയൽപക്ക വിദ്യാലയങ്ങളായി സ്വകാര്യ വിദ്യാലയങ്ങൾ കൂടി കടന്നുവരുമ്പോൾ ഗുണമേന്മയുടെ കാര്യത്തിൽ സർക്കാർ–എയ്ഡഡ് വിദ്യാലയങ്ങൾ അവയോടും മത്സരിക്കേണ്ടിവരും. അതിനാൽ അധികാരികളോടൊപ്പം അധ്യാപകരും മാനേജുമെന്റുകളും സ്കൂളിന്റെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിവരും. അതല്ലെങ്കിൽ അവയുടെ നിലനിൽപു തന്നെ അപകടത്തിലാവും.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഇടപെടൽ സ്കൂൾ വികസനത്തിന് ഉപയുക്തമാവണം. SMCകളിൽ പിന്നാക്ക–ദരിദ്ര വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തണം. അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ 25% സീറ്റുകൾ ദരിദ്ര പിന്നാക്ക വിഭാഗങ്ങൾക്ക് നീക്കിവെക്കുമ്പോൾ അതിൽ പട്ടികജാതി–വർഗ വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേക സംവരണം നൽകണമെന്ന ആവശ്യവും തികച്ചും ന്യായമാണ്. മുസ്‌ലിംകളാദി ന്യൂനപക്ഷങ്ങളെയും എസ്.സി/എസ്.ടി വിഭാഗങ്ങളെയും പടിക്കു പുറത്തുനിർത്താൻ പലമാതിരി ശ്രമങ്ങൾ നടക്കുന്നതിനാൽ ഇത്തരമൊരു സംവിധാനം അനിവാര്യമായിരിക്കുന്നു. എയ്ഡഡ് അധ്യാപക നിയമനങ്ങൾ പി.എസ്.സി വഴിയാകുന്നത് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് അനിവാര്യമാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും അധ്യാപക നിയമനത്തിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിനും ഇതാവശ്യമാണ്. വിദ്യാഭ്യാസ രംഗത്ത് ഇതുവരെ നേടിയതിൽനിന്നും കേരളം മുന്നോട്ടു പോവണമെങ്കിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാറും പാർട്ടികളും മറ്റു തൽപര കക്ഷികളും ഇഛാശക്തി കാണിക്കുക തന്നെ വേണം. ■

fasalkathikode@yahoo.co.in